CONSUMERFED

Kerala State Co.operative Consumers' Federation Ltd.
Gandhi Nagar, Ernakulam, Kochi-682 020

Tel: 2203507, 2203652, 2203256 Fax: 91-484-2203796
E-mail:econsumerfed@gmail.com, Website: www.consumerfed.net

CFED/ITD-3/300/2021-22 12.10.2021

## സർക്കുലർ- 2/2021

**വിഷയം:- പർച്ചേസ് ബില്ലിൽ നിന്നും Income Tax TDS ഈടാക്കുന്നത് സംബന്ധിച്ച്-**

Income Tax Act -ൻെറ Section 194Q -ലെ നിർദ്ദേശപ്രകാരം ഒരു സാമ്പത്തിക വർഷത്തെ സപ്ലൈയർമാരുടെ ആകെ പർച്ചേസ് 50 ലക്ഷത്തിൽ അധികരിക്കുന്ന മുറക്ക് പിന്നീട് വരുന്ന ഓരോ പർച്ചേസിനും registered supplier ആണെങ്കിൽ പർച്ചേസ് ബില്ലിലെ Taxable value -ൻെറ 0.1%-ഉം unregistered supplier ആണെങ്കിൽ taxable value-ൻെറ 5%-ഉം Income Tax TDS ഈടാക്കേണ്ടതാണ്. ഇക്കാര്യങ്ങൾ Bee Bee Softwar-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് കൃത്യതയോടുകൂടി പ്രവർത്തിക്കുന്നതിന് ചുവടെ പറയുന്ന കാര്യങ്ങൾ വളരെ ഉത്തരവാദിത്വത്തോടു കൂടി ചെയ്യേണ്ടതാണ്.

1. എല്ലാ യൂണിറ്റുകളിലും അതാത് ദിവസം തന്നെ കൃത്യമായി Software ഡേക്ലോസ് ചെയ്തിരിക്കണം.
2. ഇൻറർനെറ്റ് തകരാർ ഉണ്ടെങ്കിൽ പിറ്റേ ദിവസം രാവിലെ 10 മണിക്ക് മുമ്പായി പരിഹരിച്ച് ഡേക്ലോസ് ചെയ്തിരിക്കണം. ഇക്കാര്യം ഐ.റ്റി ഇൻചാർജ് പ്രത്യേകം ഉറപ്പു വരുത്തേണ്ടതാണ്.
3. പർച്ചേസ് എന്ററി നടത്തുമ്പോൾ യാതൊരു വിധ ഡാറ്റാഎൻട്രി മിസ്റ്റേക്കുകളും ഇല്ലായെന്ന് ഉറപ്പ് വരുത്തി കൃത്യമായി ചെയ്യേണ്ടതാണ്.
4. അതാത് ദിവസത്തെ Supplier outstanding details യൂണിറ്റുകളിലെ Bee Bee Software-ൽ ഇമ്പോർട്ട് ചെയ്തതിനുശേഷം മാത്രമെ യൂണിറ്റുകളിൽ പർച്ചേസ് എൻട്രി നടത്താൻ പാടുള്ളു.

   (Utilities → import → supplier outstanding) ↵
5. എല്ലാ വിധ ഡാറ്റഎൻട്രി മിസ്റ്റേക്കുകളും തൊട്ടടുത്ത മാസം 4-ാം തീയതിക്ക് മുമ്പായി correct ചെയ്യപ്പെടേണ്ടതാണ്. അല്ലാത്തവ യാതൊരു കാരണവശാലും എഡിറ്റ് ചെയ്ത് നൽകുന്നതല്ല.
6. പർച്ചേസ് എൻട്രി ചെയ്യുന്നതിൽ Data entry mistake വരുത്തുന്ന ജീവനക്കാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ടി എൻട്രികൾ Approve ചെയ്യുന്ന Checker user ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.
7. ഹെഡോഫീസ് പർച്ചേസ് വിഭാഗമാണ് എല്ലാ ദിവസവും രാവിലെ 10 മണിയ്ക്ക് Supplier outstanding calculation statement നടത്തേണ്ടത്. ആയതിൻെറ സ്റ്റേറ്റ്മെൻറ് എല്ലാ ദിവസവും സൂക്ഷിക്കേണ്ടതും, ഓരോ മാസത്തേയും സ്റ്റേറ്റ്മെൻറ് തൊട്ടടുത്തമാസം 5-ാം തീയതിക്കകം അക്കൗണ്ട്സ് വിഭാഗത്തെ ഏൽപ്പിക്കേണ്ടതുമാണ്.
8. ഹെഡോഫീസ് അക്കൗണ്ട്സ് വിഭാഗം ടി statement , Income tax TDS on purchase എന്ന ലെഡ്ജർ ഹെഡുമായി ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്തി സമയബന്ധിതമായി Return file ചെയ്യേണ്ടതാണ്.
9. ഹെഡോഫീസ് മെഡിക്കൽ വിഭാഗത്തിൽ നിന്നും പർച്ചേസിന്മേലുള്ള Income tax TDS statement എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പ് ഹെഡോഫീസ് അക്കൗണ്ട്സ് വിഭാഗത്തിൽ ഏൽപ്പിക്കേണ്ടതാണ്.
10. 1 മുതൽ 6 വരെയുള്ള പോയിൻറുകൾ റീജിയൺ തലത്തിൽ കൃത്യമായി നടക്കുന്നുണ്ടെന്ന് റീജിയണൽ മാനേജർ ഗൗരവമായി പരിശോധിക്കേണ്ടതാണ്.

**മാനേജിംഗ് ഡയറക്ടർ**

To,

എല്ലാ റീജിയണൽ മാനേജർമാർക്കും

പകർപ്പ്:

1. എല്ലാ വകുപ്പ്മേധാവികൾക്കും
2. ജനറൽ മാനേജർ
3. ചെയർമാൻെറ മേശപ്പുറത്ത് അറിവിലേക്കായി

Scanned by CamScanner